## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 744** **29.05.2019 -ൽ മറുപടിയ്ക്ക്**

### മണിയാർ ടൂറിസം പദ്ധതി

ചോദ്യം
ശ്രീ.രാജു എബ്രഹാം :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണിയാർ ടൂറിസം പദ്ധതിക്കായി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ പ്രോജക്റ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ആരാണ് തയ്യാറാക്കിയതെന്നും വെളിപ്പെടുത്താമോ; | (എ) | ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ ഡാമിന്റെ പരിസരത്തായി പമ്പാ റിവർ വാലി ടൂറിസം എന്ന പദ്ധതിക്കായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ M/s. Kerala Electricals Limited (KEL) മുഖാന്തിരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 9.995 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| ബി) | പ്രോജക്റ്റിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ; | ബി) | ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ ഡാമിന്റെ പ്രദേശത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ സെക്യൂരിറ്റി കാബിൻ , ടോയലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ , പാർക്കിംഗ് ഏരിയ എൻട്രസ് ബ്രിഡ്ജ്, റെസ്റ്റോറൻറ് , വാട്ടർ ടാങ്ക് കം വ്യൂവിംഗ് ഡെക്ക് 1,2, ട്രക്ക് പാലം ട്രീറ്റ് മെന്റ് പ്ലാൻറ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ,ഡീസൽ ജനറേറ്റർ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. |
| സി) | പ്രോജക്റ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | സി) | അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രോജക്റ്റ് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ